## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3314    23.06.2014 -ലെ മറുപടിയ്ക്ക്**

## ഫയൽ നടപടികൾ സമയബന്ധിതമായി തീർപ്പാക്കുന്നത്

ചോദ്യം
ശ്രീ. എം. ഹംസ.

ഉത്തരം
ശ്രീ. ഉമ്മൻചാണ്ടി
(ബഹു: മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിലും വിവിധ വകുപ്പുകളുടെ ഡയറക്ടറേറ്റുകളിലും ജില്ലാ കളക്ടറേറ്റുകളിലും മൂന്ന് വർഷത്തിലധികം പഴക്കമുള്ള എത്ര ഫയലുകൾ കണ്ടെത്തിയിട്ടുണ്ട് ; സെക്രട്ടേറിയറ്റ്, വിവിധ ഡയറക്ടറേറ്റ്, വിവിധ ജില്ലാ കളക്ടറേറ്റ് എന്നിവയുടെ കണക്ക് പ്രത്യേകം പ്രത്യേകം അറിയിക്കുമോ ; | (എ) | 30.05.2014 വരെയുള്ള കണക്കുകൾ പ്രകാരം മൂന്ന് വർഷത്തിലധികം പഴക്കമുള്ള 11382 ഫയലുകൾ സെക്രട്ടേറിയറ്റിലും 46745 ഫയലുകൾ വിവിധ വകുപ്പുകളിലുമായി തീർപ്പാക്കാനുണ്ട്. ജില്ലാ കളക്ടറേറ്റുകളിൽ നിന്നും വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | മുഖ്യമന്ത്രി നടത്തിയ ജനസമ്പർക്ക പരിപാടികളിൽ ഓരോ ഘട്ടത്തിലും ഒരോ ജില്ലയിലും എത്ര പരാതികൾ വീതം ലഭിച്ചിട്ടുണ്ട് ; അതിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ട് ; ബാക്കി പരാതികളുടെ നിലവിലെ സ്ഥിതി എന്താണ് ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ ജനസമ്പർക്ക പരിപാടികളിൽ ഉൾപ്പെടുത്തി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എന്തു തുക വീതം എത്ര പേർക്ക് അനുവദിച്ചു ; ജില്ലാടിസ്ഥാനത്തിലുള്ള വിവരം നൽകുമോ? | (സി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ